## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1141 — 12/06/2014 ൽ മറുപടിയ്ക്ക്

# ഭൂമിയുടെ തണ്ടപ്പേർ പിടിക്കുന്നതിനും കരം ഒടുക്കുന്നതിനുമുള്ള കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ തണ്ടപ്പേർ പിടിക്കുന്നതിനും, പുതിയ ആധാരം നടന്ന ഭൂമിയുടെ കരം ഒടുക്കുന്നതിനും പൊതുജനങ്ങൾ ഇന്നു നേരിടുന്ന അനാവശ്യമായ കാല താമസം ഒഴിവാക്കുവാൻ നടപടി സ്വീ കരിക്കുമോ;<br><br>(ബി) വർഷങ്ങളായി വസ്തു കരം ഒടുക്കാ നുള്ളവർക്ക് പുരയിടത്തിന്റെ കരം ഒടുക്കുന്നതിന് വില്ലേജ് ഓഫീസുകളി ലും, താലൂക്ക് ഓഫീസുകളിലും നേരി ടുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (എ)<br>(ബി)<br>നടപടി സ്വീകരിക്കുന്നതാണ് |
| (സി) തിരുവനന്തപുരം ജില്ലയിൽ തിരുവ നന്തപുരം താലൂക്കിൽ കരം ഒടുക്കു വാൻ വേണ്ടി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്ന് വ്യക്തമാക്കു മോ; ഇവയിൽ എന്തു നടപടി സ്വീക രിച്ചു എന്ന് അറിയിക്കാമോ; | (സി) തിരുവനന്തപുരം താലൂക്കിൽ കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട് 5779 അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ ഉള്ളതാണ്. ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ആവശ്യമായ രേഖകൾ പരിശോധിച്ച് സർവ്വെ നടപടികൾ ആവശ്യമുള്ള കേസ്സുകളിൽ ആയത് നടത്തി സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) തിരുവനന്തപുരം താലൂക്കിൽ ഉളിയാ ഴ്ത്തറ വില്ലേജിൽ കരം ഒടുക്കുന്നതി നു വേണ്ടി ശ്രീമതി അംബികാദേവി നൽകിയിരുന്ന എച്ച്1/13563/2013 പരാ തിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ; ഈ ഫയൽ തീർപ്പു കൽപ്പിക്കുന്ന തിനുണ്ടായ കാലതാമസം എന്താ ണെന്ന് വിശദമാക്കാമോ; ഇതു പരിഹ രിക്കുന്നതിന് എത്ര ദിവസത്തിനകം തീരുമാനമുണ്ടാകും എന്ന് വ്യക്തമാ ക്കാമോ ; | (ഡി) തിരുവനന്തപുരം താലൂക്കിൽ, ഉളിയാഴ്ത്തുറ വില്ലേജിൽ ശ്രീമതി.അംബികാദേവി കരം ഒടുക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ പരാതിക്കാസ്പദമായ വസ്തു, റീസർവ്വെ പ്രകാരം തണ്ടപ്പേരിൽ കാവ് ഉൾപ്പെട്ടുവരുന്നതായി കാണുന്നു. അപ്രകാരം കാവും, പുരയിടവും വേർതിരിച്ച് സർവ്വെ ചെയ്യുന്നതിനുള്ള അളവ് നടപടികൾ അടിയന്തിരമായി നടത്തിവരുന്നു. ആയത് പൂർത്തിയാക്കി അപേക്ഷാ കക്ഷിയ്ക്ക് കരം ഒടുക്കുവാനുള്ള നിയമാനുസൃത അവകാശം നൽകുന്നതാണ്. |

| | |
|---|---|
| (ഇ) താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയ തിരുവനന്തപുരം താലൂക്ക് ഉളിയാഴ്ത്തറ വില്ലേജിലെ കുഴിക്കാട്ട് നാഗരുകാവ് വക സ്ഥലത്തെ സംബന്ധിച്ച് ശ്രീ. കൃഷ്ണൻ നായർ നൽകിയ അപേക്ഷ സംബന്ധിച്ച് LRMI/58671/2013 എന്ന തിരുവനന്തപുരം താലൂക്കിലെ ഫയലിൽ തീർപ്പു കൽപ്പിക്കുന്നതിനുണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വസ്തുവിന്റെ കരം ഒടുക്കുന്നതിനുള്ള അവസരമൊരുക്കുമോ? | (ഇ) തിരുവനന്തപുരം താലൂക്കിലെ ഉളിയാഴ്ത്തുറ വില്ലേജിലെ ശ്രീ.കൃഷ്ണൻ നായർ സമർപ്പിച്ച നാഗരുകാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിലും റിക്കോർഡ് പരിശോധിച്ചതിലും, പട്ടം സബ് രജിസ്ട്രാർ ഓഫീസിലെ 2669-ാം നമ്പർ ഭാഗപത്രപ്രകാരം ഒന്നാം നമ്പർ പട്ടിക വസ്തു പരദേവതാലയം ആയ കുറ്റിക്കാട് നാഗരുകാവ്, മൂപ്പ് മുറക്കുള്ള പുരുഷൻമാർക്കാണ് ഒന്നാം നമ്പർ പേര് കക്ഷിയായ ഭാഗീരഥിയമ്മയുടെ കാലശേഷം അവകാശം പറയുന്നത്. അപേക്ഷാ കക്ഷിയായ കെ.കൃഷ്ണൻ നായർക്കാണോ ടി അവകാശം ഇപ്പോൾ നിലവിലുള്ളതെന്നത് സംബന്ധിച്ച് ഉളിയാഴത്തുറ വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷിച്ച് വരുന്നതും, അന്വേഷണ റിപ്പോർട്ട് ലഭ്യമായാലുടൻ തന്നെ ടി വസ്തുവിന് കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ